ഉത്തരം

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് കമ്മീഷണറുടെ ആഫീസിന്റെയും കചാർട്ടേഴ്സിന്റെയും നിർമ്മാണത്തിന് പട്ടം പാലസ് കോംപൗണ്ടിൽ നിന്നും മൂന്നു ഹെക്ടറും മൂന്ന് ആറും അൻപത് സ്ക്വയർ മീറ്ററും (3-03-50) സ്ഥലം വിലക്ക് എടുത്ത് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിനെ ഏൽപ്പിച്ചിട്ടുണ്ട്.

കേരളാ കൺസ്ട്രക്ഷൻ കോർപ്പറേഷൻ

498 (721) ശ്രീ. വി. കെ. രാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ എത്ര ജോലിക്കാർ ഉണ്ട് ;

(ബി) അതിൽ ഡെപ്യൂട്ടേഷനിൽ വന്നവർ എത്ര ;

(സി) കോർപ്പറേഷൻ നേരിട്ട് നിയമിച്ചവർ എത്ര?

ഉത്തരം

(എ) 120 പേർ.

(ബി) പെൻഷൻ പറ്റിയശേഷം പുനർ നിയമനം നടത്തിയ 3 പേരുൾപ്പെടെ ആകെ 100 പേർ.

(സി) 20 പേർ.

ടാറിന്റെ ദൗർലഭ്യം

499 (723) ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാർ കിട്ടാത്തതുമൂലം കേരളത്തിലെ റോഡുകൾ നന്നാക്കുന്നതിന് സാധിക്കുന്നില്ല എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടാർ കിട്ടുന്നതിന് ഇന്നുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്;

(സി) ഈ തടസ്സം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു?

ഉത്തരം

(എ) വേണ്ടത്ര ടാർ യഥാസമയം കിട്ടാത്തതുമൂലം റോഡുകൾ നന്നാക്കുന്നതിനുള്ള നടപടികൾ ഉദ്ദേശിച്ചവിധം പുരോഗമിച്ചിട്ടില്ല എന്ന് അറിവായിട്ടുണ്ട്.

(ബി) വിതരണം നടത്തുന്ന ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ, ബോംബെ; ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, മദ്രാസ് എന്നീ കമ്പനികളിൽ നിന്നും വേണ്ടത്ര ടാർ കിട്ടാൻ കാലതാമസമുണ്ട്. ഈയിടെ ഇറാനിലുണ്ടായ അസ്വാസ്ഥ്യം നിമിത്തം ക്രൂഡ് ഓയിൽ കിട്ടുന്നതിലുള്ള ബുദ്ധിമുട്ടു കാരണം ഉൽപ്പാദനത്തിലുള്ള കുറവ് റെയിൽവേ വാഗൺ കിട്ടാനുള്ള ബുദ്ധിമുട്ട് ഇവയാണ് ടാർ കിട്ടുവാനുള്ള കാലതാമസത്തിന് കാരണമെന്ന് പ്രസ്തുത കോർപ്പറേഷനുകൾ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടത്ര ടാർ കിട്ടുന്നതിനും പ്രസ്തുത കോർപ്പറേഷനുകളുമായി ഇൻഡ്യാ ഗവൺമെന്റു തലത്തിലും സംസ്ഥാന തലത്തിലും നിരന്തര സമ്പർക്കം പുലർത്തുന്നുണ്ട്. ഇതിനുവേണ്ടി ഒരു ഉദ്യോഗസ്ഥനെ മദ്രാസിലും ബോംബെയിലും പ്രസ്തുത കോർപ്പറേഷനുകളുമായി നേരിട്ട് സമ്പർക്കം പുലർത്തുന്നതിനും നിയോഗിച്ചു. അത്യാവശ്യത്തിനു വേണ്ടതിൽ കുറെ ടാർ കിട്ടികഴിഞ്ഞു. ബാക്കി ടാർ ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

മെഡിക്കൽകോളേജ് കാമ്പസിലുള്ള ക്വാർട്ടേഴ്സുകളിൽ ചോർച്ച

500 [724] ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സപ്പോർട്ടും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽകോളേജ് കാംപസിലുള്ള ചില ക്വാർട്ടേഴ്സുകളിൽ ചോർച്ചയുണ്ടാകുന്നതായി ഗവൺമെൻറിനു പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ചോർച്ചയുണ്ടാകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ചോർച്ചതടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഏതെല്ലാം ക്വാർട്ടേഴ്സുകളിൽ;

(ഡി) ചോർച്ചതടയുന്നതിനുവേണ്ടി നടപടി സ്വീകരിച്ചിട്ടുള്ള ചില ക്വാർട്ടേഴ്സുകളിൽ വീണ്ടും ചോർച്ചയുള്ളവിവരം ശ്രദ്ധയിൽ പെടുത്തിയിട്ടും ബന്ധപ്പെട്ട അധികാരികൾ യാതൊന്നും ചെയ്യുന്നില്ലെന്നുള്ളത് ശരിയാണോ;

(ഇ) ചെയ്യാത്ത ജോലികൾകൂടി ചെയ്തതായി രേഖപ്പെടുത്തി ചില കോൺട്രാക്ടർമാർ ഗവൺമെൻറിന്റെ പണം ചോർത്തിയെടുത്തിട്ടുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(എഫ്) ഓരോക്വാർട്ടേഴ്സിലും ചെയ്തുതീർത്തിട്ടുള്ള ജോലിയെ സംബന്ധിച്ച് കോൺട്രാക്ടർമാർ നൽകുന്ന രേഖയിൽ അതാതു ക്വാർട്ടേഴ്സുകളിലെ താമസക്കാരെകൊണ്ട് ഒപ്പിടുവിക്കണമെന്ന വ്യവസ്ഥ ചെയ്യുമോ?

ഉത്തരം

(എ) ഏതാനും 'C' ടൈപ്പ് ക്വാർട്ടേഴ്സുകളിൽ ചോർച്ച ഉണ്ടായതായി പരാതി ലഭിച്ചിരുന്നു.

(ബി) കെട്ടിടങ്ങളുടെ സമീപത്തുനിൽക്കുന്ന പ്ലാവ്, മാവ് മുതലായ ഫലവൃക്ഷങ്ങളിൽനിന്നും ചക്കയും മാങ്ങയും മറ്റും അടർത്തിട്ടും, മരക്കൊമ്പുകൾ ഒടിഞ്ഞുവീണും, ഓടുകൾ പൊട്ടിയാണ് ചോർച്ച ഉണ്ടാകുന്നത്. ചില കെട്ടിടങ്ങൾ കാലപ്പഴക്കംമൂലം പട്ടിയൽദ്രവിച്ച് ഓടുകളുടെ ലൈൻതെറ്റിയും ചോർച്ച ഉണ്ടാകാറുണ്ട്.

(സി) കേടുവന്ന പട്ടിയലും ഓടുകളും മാറ്റിയും പുതിയ പട്ടിയലും ഓടുകളും സ്ഥാപിച്ചും ചോർച്ച മാറ്റിയിട്ടുണ്ട്. സി 1, സി 12, സി 38, സി 48 എന്നീ ക്വാർട്ടേഴ്സുകളിലാണ് ഇപ്രകാരം ചോർച്ച മാറ്റിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly